II ഇ.ബി. XII- കേരള നിയമസഭ/XVI-4

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ഡിസംബർ 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*151) **വിവരാവകാശ നിയമം**

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും മറ്റ് പൊതു അധികാര സ്ഥാപനങ്ങളുടെയും അധികാര നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കുക, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്തം നൽകുക, പൊതുജനങ്ങൾക്കാവശ്യമായ വിവരങ്ങൾ .യഥാസമയം ലഭ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് 21.06.2005 മുതൽ വിവരാവകാശ നിയമം നടപ്പിലാക്കി തുടങ്ങിയതെന്ന് സഭയെ അറിയിച്ചു. പ്രസ്തുത നിയമപ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായും സമയപരിധിക്കുള്ളിലും നൽകേണ്ടതാണ്. അതിലേയ്ക്കായി സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് ഓഫീസർ എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്യണമെന്നും അപേക്ഷകൾ കൈകാര്യം ചെയ്യേണ്ട രീതി, സമയക്ലിപ്തത, വിവരങ്ങൾ വെബ്സൈറ്റുകളിൽ നൽകുക, രേഖകളും

പ്രമാണങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുക എന്നിവ സംബന്ധിച്ച് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് കൂടാതെ സർക്കാർ തലത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമായില്ലെങ്കിൽ ഒന്നാം അപ്പീലും വിവരാവകാശ കമ്മീഷന് രണ്ടാം അപ്പീലും നൽകാൻ വ്യവസ്ഥയുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയ ക്ലിപ്തത പാലിക്കാതെ കാലതാമസം സൃഷ്ടിച്ചാൽ വിവരാവകാശ കമ്മീഷന് ഇക്കാര്യം അപ്പീലിൽ പരിശോധിക്കാവുന്നതും നിയമം വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം പിഴ ഈടാക്കാനോ അച്ചടക്കനടപടിക്ക് ശുപാർശ ചെയ്യാനോ അധികാരമുണ്ട്. വിവരാവകാശ നിയമം പാലിക്കാൻ സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ പൊതു അധികാര സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാണെന്നും നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ 214 ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു അധികാര സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ആവശ്യകതയനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്. കേന്ദ്ര നിയമമായ വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് നടപടിയെടുക്കേണ്ടത് കേന്ദ്ര സർക്കാരാണെന്നും നിയമത്തിൻ കീഴിൽ ലഭ്യമായ അവകാശങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപങ്ങളൊന്നും ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വിവരാവകാശ നിയമം സർക്കാർ ഓഫീസുകളിലേയും

മറ്റ് ഇതര സ്ഥാപനങ്ങളിലേയും അഴിമതി കുറയ്ക്കാൻ സഹായകരമാക്കിയിട്ടുണ്ടെന്നും സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും എയ്ഡഡ് കോളേജ് ഉൾപ്പെടയുള്ള കലാലയങ്ങളിലും സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളിലും വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

14 (*152) <u>പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ വംശവർദ്ധന</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, വെച്ചൂർ പശുക്കൾ, ഹൈറേഞ്ച് ഡ്വാർഫ്, കാസർഗോഡ് പശുക്കൾ, വടകര പശുക്കൾ, കുട്ടനാടൻ എരുമ വർഗ്ഗം, മലബാറി ആടുകൾ, അട്ടപ്പാടി ബ്ലാക്ക് ആടുകൾ, അങ്കമാലി ബ്ലാക്ക് പന്നികൾ എന്നിവയാണ് കേരളത്തിന്റെ തനത് ജനുസ്സുകളായ കന്നുകാലികളെന്ന് സഭയെ അറിയിച്ചു. പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണത്തിനായി 2010-2011 സാമ്പത്തിക വർഷം "വികസനവും പരിശീലനവും" എന്ന പദ്ധതി പ്രകാരം വംശനാശം നേരിടുന്ന തനതു കന്നുകാലികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ സംരക്ഷിക്കുകയും പ്രജനനം നടത്തുകയും ചെയ്യുന്ന പരിപാടി നടപ്പിലാക്കുന്നതിനായി പത്ത് ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കെ.എൽ.ഡി ബോർഡ് മുഖേന നടപ്പിലാക്കുന്ന വംശനാശം നേരിടുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണത്തിനുള്ള 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിക്ക് 5 ലക്ഷം രൂപ

സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ എൻ.എ.ടി.പി (നാഷണൽ അഗ്രികൾച്ചറൽ ടെക്നോളജി പ്രോജക്ട്) എന്ന പദ്ധതി പ്രകാരം കാസർഗോഡ് പശുക്കൾ, വടകര പശുക്കൾ, ഹൈറേഞ്ച് ഡ്വാർഫ്, കുട്ടനാടൻ പോത്തുകൾ എന്നീ ഇനങ്ങളിൽപ്പെട്ട കന്നുകാലികളെ കണ്ടെത്തി അവയുടെ സ്വഭാവ വിശേഷങ്ങൾ രേഖപ്പെടുത്തി ഈ ഇനങ്ങളുടെ ബീജം ഗാഢശീതീകരണം നടത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ജനിതക വിഭാഗത്തിന്റെ കീഴിൽ വെച്ചൂർ പശുക്കളെ കണ്ടെത്തി സംരക്ഷിച്ച് വരുന്നുണ്ട്. നൂറോളം വെച്ചൂർ പശുക്കൾ സർവ്വകലാശാലയുടെ ഫാമിലുണ്ട്. മുൻകൂർ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് പശുക്കളെ ലഭ്യമാക്കുന്ന ഒരു പദ്ധതിയും സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. വെച്ചൂർ പശുക്കളുടെ വംശവർദ്ധനവിനായി 1,43,00,000 രൂപയുടെ ഒരു പ്രോജക്ട് നടപ്പിലാക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പാറശ്ശാല, കൊമേരി (കണ്ണൂർ) ആടുവളർത്തൽ കേന്ദ്രങ്ങളിൽ മലബാറി ആടുകളേയും അട്ടപ്പാടി ആടു വളർത്തൽ കേന്ദ്രത്തിൽ അട്ടപ്പാടി ബ്ലാക്ക് ആടുകളെയും സംരക്ഷിച്ച് വംശവർദ്ധനവ് നടത്തി സർക്കാർ പദ്ധതികളിലൂടെ വിതരണം ചെയ്തുവരുന്നു. കെ.എൽ.ഡി ബോർഡിന്റെ പാലക്കാട് ധോണിയിലുള്ള കേന്ദ്രത്തിൽ മലബാറി, അട്ടപ്പാടി, ബ്ലാക്ക് എന്നീ വിഭാഗങ്ങളിലുള്ള ആടുകളുടെ മാതൃ-പിതൃശേഖരത്തെ സംരക്ഷിക്കുന്നതോടൊപ്പം ടി ആട് ജനുസ്സുകളുടെ ബീജം ശേഖരിച്ച് ഗാഢശീതീകരണ പ്രക്രിയയിലൂടെ സൂക്ഷിക്കുകയും പ്രസ്തുത ബീജം മൃഗസംരക്ഷണ വകുപ്പിന്റെ ബീജദാന കേന്ദ്രങ്ങൾ വഴി കൃത്രിമ ബീജസങ്കലനത്തിനായി ഉപയോഗിച്ചുവരുകയും

ചെയ്യുന്നു. അങ്കമാലി ബ്ലാക്ക് പന്നികളുടെ സംരക്ഷണത്തിനായി കെ. എൽ.ഡി ബോർഡ് കേന്ദ്ര സഹായത്തോടെ ഒരു പദ്ധതി നടപ്പി ലാക്കിയിരുന്നു. വംശവർദ്ധനവിനായി  കെ.എൽ.ഡി ബോർഡ്, ഡയറി, അനിമൽ ഹസ്ബന്ററി  തുടങ്ങിയ സമാന സ്വഭാവമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തുന്ന  പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാ ക്കുന്നതാണെന്നും  സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് ഏറെ അനുയോജ്യ മായിട്ടുള്ളവയും ഉയർന്ന രോഗ പ്രതിരോധ ശേഷി, കുറഞ്ഞ തീറ്റച്ചെലവ്, ഉയർന്ന പരിവർത്തന ശേഷി, കുറഞ്ഞ ശരീര തൂക്കം തുടങ്ങിയ ഗുണങ്ങൾ ഉള്ളവയാണ് നാടൻ തനത് ജനുസ്സുകളെന്നും  ഉന്നത ജനിതക മൂല്യങ്ങളുള്ള നാടൻ ജനുസ്സുകളെ  സംരക്ഷിക്കുന്നതിനും വംശവർദ്ധനവുണ്ടാക്കുന്ന തിനും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും  ദേശീയ അടിസ്ഥാന ത്തിൽ തലസ്ഥാനത്ത് സംഘടിപ്പിച്ച എക്സിബിഷൻമൂലം പൊതുജനങ്ങളിൽ മൃഗസംരക്ഷണത്തിനുള്ള പ്രേരണയുണ്ടായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 2008-ൽ പുനരാവിഷ്ക്കരിച്ച പ്രജനന നയത്തിൽ തനതു ജനുസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ കൊടുത്തിട്ടുണ്ട്.  എല്ലാ തനതു ജനുസ്സുകളു ടെയും സംരക്ഷണത്തിനുള്ള പരിപാടികൾ ശക്തിപ്പെടുത്തണമെന്നും ഇതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കെ. എൽ.ഡി ബോർഡും സംയുക്തമായി ഏറ്റെടുക്കണമെന്നും ഗവേഷണപ്ര വർത്തനങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല നേതൃത്വം നൽകണ മെന്നും നിഷ്കർഷിച്ചിട്ടുണ്ട്.  സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കപ്പെട്ട വെറ്ററിനറി സർവ്വകലാശാലയുടെ മുഖ്യ ദൗത്യങ്ങളിലൊന്ന് കേരളത്തിലെ തനതു കന്നുകാലി ജനുസ്സുകളുടെ സംരക്ഷണമാണ്. സംസ്ഥാന

സർക്കാരിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെയും കെ.എൽ.ഡി ബോർഡിന്റെയും ഫാമുകളിൽ നാടൻ ജനുസ്സുകളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2004.-05 വർഷത്തിൽ മലബാറി ആടുകളുടെ സംരക്ഷണത്തിനായി 22.55 ലക്ഷം രൂപയും അട്ടപ്പാടി ആടുകളുടെ സംരക്ഷ ണത്തിനായി 2008-09, 2009-2010 വർഷങ്ങളിലായി 48 ലക്ഷം രൂപയും കെ. എൽ.ഡി ബോർഡിന് ലഭിച്ചത് വിനിയോഗിച്ചിട്ടുണ്ട്. ടി ഇനത്തിൽപ്പെട്ട ആടുകളെ സംരക്ഷിച്ച് വരുന്നതോടൊപ്പം 2005-06, 2008-09 വർഷങ്ങളിൽ അങ്കമാലി ബ്ലാക്ക് പന്നികളുടെ സംരക്ഷണത്തിനായി ലഭിച്ച 29.2 ലക്ഷം രൂപയും വിനിയോഗിച്ച് ഇവയുടെ സംരക്ഷണത്തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുട്ടികൾക്ക് മൃഗസംരക്ഷണത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ രൂപീകരിച്ച് ആട്, താറാവ്, കോഴി എന്നിവ സൗജ ന്യമായി വിതരണം ചെയ്തുവരുന്നതോടൊപ്പം 140 നിയോജകമണ്ഡലങ്ങ ളിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യാൻ ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*153) <u>ധനവകുപ്പ് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായം</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്) നൽകിയ മറുപടി യിൽ, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിപ ണിയിടപെടലിന് 2010-2011 സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡിന് 15 കോടി രൂപയും സപ്ലൈകോയ്ക്ക് 74.31 കോടി രൂപയും 2008-2009-ൽ

കൺസ്യൂമർ ഫെഡിന് 11 കോടി രൂപയും, സപ്ളൈകോയ്ക്ക് 105 കോടി രൂപയും 2009-10-ൽ കൺസ്യൂമർ ഫെഡിന് 20 കോടി രൂപയും സപ്ളൈ കോയ്ക്ക് 83 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ വിപണി ഇടപെടലിന് കൺസ്യൂമർഫെഡിന് ഇതുവരെ 62.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദി ക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകിയാണ് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതെന്നും സബ്സിഡി നൽകുന്നതിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നില്ലെന്നും സഹായം ലഭിക്കുന്നതിനാ വശ്യമായ സാദ്ധ്യതകൾ പരിശോധിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. രണ്ടു രൂപ നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് നാളിതുവരെ 245 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില 14 രൂപയായി വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നെല്ലുസംഭരണത്തിന് താങ്ങുവില നൽകുന്നതിനായി സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്ഷേമപദ്ധതി കൾ നടപ്പിലാക്കാൻ ശരാശരി ഒരു വർഷം 171 കോടി രൂപയാണ് ചെലവഴി ക്കുന്നത്. ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്ന സിവിൽ സപ്ളൈസ് കോർപ്പറേഷനേക്കാളും കുറഞ്ഞ വിലയ്ക്ക് സഹകരണ വകുപ്പിന്റെ ഡിപ്പോകളിൽ സാധനങ്ങൾ വിൽക്കുന്നതിന്റെ അനൗചിത്യം സംബന്ധിച്ച് സർക്കാർ തലത്തിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. കൺസ്യൂമർ ഫെഡിന് കുടിശികയുള്ള തുകയുടെ കാര്യത്തിൽ തർക്കങ്ങ ളുള്ളതുകൊണ്ട് അത് സമഗ്രമായി പരിശോധിച്ച് തീർപ്പുണ്ടാക്കുന്നതിന് ചീഫ് സെക്രട്ടറിയോട്

ക്യാബിനറ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അടയ്ക്കാ കൃഷിക്കാർക്ക് പ്രഖ്യാപിച്ച പത്ത് കോടി രൂപ നൽകുന്ന സ്കീം തയ്യാറാക്കി ജനുവരി മാസം തന്നെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ എങ്ങനെ ഫലപ്രദമായി മാർക്കറ്റിൽ ഇന്റർവിൻ ചെയ്യാം എന്നതിനെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*154) <u>പാചക വാതക വിതരണം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് 23.11.2007-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, ഓയിൽ കമ്പനി പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല എൽ.പി.ജി. മോണിട്ടറിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ടെന്നും കാലാകാലങ്ങളിൽ പാചകവാതകത്തിന്റെ ആവശ്യകത, ലഭ്യത, പരാതികൾ എന്നിവ നിരീക്ഷിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് ടി കമ്മിറ്റികൾക്ക് അധികാരവും ചുമതലയുമുണ്ടെന്നും ഈ മോണിട്ടറിംഗ് കമ്മിറ്റിയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ, ഓയിൽ കമ്പനികൾ, ഉപഭോക്താക്കൾ, വിതരണക്കാർ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ഓപ്പൺ ഫോറങ്ങൾ മുഖേന പാചക വാതക വിതരണത്തിലെ പരാതികളും പോരായ്മകളും പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പാചക വാതക വിതരണം മുടക്കം കൂടാതെ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനായി

തൊഴിൽ സമരങ്ങളും ടാങ്കർ ലോറി പണിമുടക്കുകളും ഉണ്ടാകുന്ന സന്ദർഭ ങ്ങളിൽ സർക്കാർ ഇടപെട്ട് ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരി ക്കുന്നുണ്ടെന്നും പൊതുപണിമുടക്ക്, ഹർത്താൽ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാഭരണാധി കാരികൾ, പോലീസ് അധികാരികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ യഥാ സമയം നിർദ്ദേശം നൽകാറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 30/11/2010-ൽ സർക്കാർ വിളിച്ചുചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട്ലിംഗ് പ്ലാന്റിൽ തൊഴിൽ തർക്കംമൂലം പാചകവാതക വിതരണം തടസ്സ പ്പെടുന്നത് സർക്കാരിനെ ഉടൻ അറിയിക്കണമെന്നും ആവശ്യമുള്ളപക്ഷം പാചകവാതക വിതരണം സുഗമമായി നടത്തുന്നതിനാവശ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കണമെന്നും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം തൊഴിൽ തർക്കങ്ങളിൽ ഓയിൽ കമ്പനികൾ നേരിട്ട് ഇടപെട്ട് ഉടനടി പരിഹാരം കണ്ടെത്തി എൽ.പി.ജി. വിതരണത്തിനുള്ള കാലതാമസം നീക്കണമെന്നും ടി. യോഗത്തിൽ ഓയിൽ കമ്പനികളോട് ആവ ശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ നേരിട്ട് ഓൺലൈൻ വഴി സ്വീകരിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് 1800-425-1550 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ടെന്നും എൽ.പി.ജി. വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് സംസ്ഥാന/ജില്ലാ/താലൂക്ക്തല സ്ക്വാഡുകൾ പരിശോധന നടത്തി ക്രമക്കേ ടുകൾക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും ബോഗസ് പേരുകളിലുള്ള കണ

ക്ഷനുകൾ പരിശോധിക്കാനും സർപ്രൈസ് റെയ്ഡുകൾ നടത്താനുമുള്ള അധികാരം പോലീസ് വകുപ്പിലെയും കളക്ടറേറ്റിലുള്ള വിജിലൻസ് കമ്മിറ്റി യിലെയും ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

17 (*155) **<u>അവശ്യ സാധനങ്ങളുടെ ഗുണനിലവാരം</u>**

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോ തലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണെന്നും ജില്ലാതലങ്ങളിൽ ക്വാളിറ്റി പരിശോധനയ്ക്ക് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുണ്ടെന്നും ഗുണനിലവാരം പരിശോധിക്കുന്നത് ഇ.കെ. മുരളീധരൻ കമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാനുവൽ പ്രകാരമാണെന്നും സഭയെ അറിയിച്ചു. .ഡിപ്പോതലങ്ങളിലെ പരിശോധനയ്ക്കുശേഷം ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉൽപ്പന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളവയല്ലെങ്കിൽ അവ തിരസ്ക്കരിക്കാനും കരാറുകാരിൽനിന്ന് മാറ്റി വാങ്ങാനുമുള്ള സംവിധാനമുണ്ട്. ഉൽപ്പന്നങ്ങളുടെ ജൈവ സൂക്ഷ്മാണു പരിശോധന നടത്താൻ കോന്നിയിലുള്ള സി.എഫ്.ആർ.ഡി -യിൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽനിന്ന് ഔട്ട്ലെറ്റ് തലങ്ങളിൽ അയയ്ക്കുന്ന സാധനങ്ങൾ ഔട്ട്ലെറ്റ് തലങ്ങളിൽ പരിശോധിക്കുവാനും അവ വൃത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്ഥയുണ്ട്. കോർപ്പ റേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണമേൻമയിൽ സംശയം തോന്നുന്നപക്ഷം അത്തരം

സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വിൽപ്പനശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽനടപടി കൈക്കൊള്ളുകയും ചെയ്യുന്നു. വിൽപ്പനശാലകളിൽ വിജിലൻസ് വിഭാഗം ഈയിടെ നടത്തിയ പരിശോധനയിൽ ചില സാധനങ്ങളുടെ ഗുണമേൻമയിൽ നേരിയ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും. Tetrazine അടങ്ങിയ ചെറുപയർപരിപ്പ് സപ്ലൈകോ വഴി വിതരണത്തിന് നൽകിയ സപ്ലൈയർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 2006-07, 2007-08, 2008-09, 2009-10 എന്നീ നാല് വർഷങ്ങളിലെ സപ്ലൈകോയുടെ വിറ്റുവരവിന്റേയും വിവിധയിനം വിപണന പദ്ധതികളുടെ വിൽപ്പന വിലയുടേയും പൊതു കമ്പോള വിലയുടെയും അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് ഏകദേശം 915 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനയ്ക്ക് ആവശ്യമായ 18 ഇനം നിത്യോപയോഗ സാധനങ്ങൾ മാത്രമാണ് നിലവിൽ ഇ-പർച്ചേസ് മുഖാന്തിര വാങ്ങുന്നതെന്നും പ്രാദേശിക ഉപഭോക്തൃ താൽപ്പര്യം മുൻനിർത്തി മാത്രമേ മറ്റിനം സാധനങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ കേന്ദ്രീകൃത ഇ-പർച്ചേസ് സംവിധാനത്തിൽ ഇവ വാങ്ങുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1521 മുതൽ 1739 വരെയുള്ള ചോദ്യങ്ങളിൽ 115 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)